2003-ലെ കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ബിൽ ജലസേചനവും വിദ്യുച്ഛക്തിയും സംബന്ധിച്ച III-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന പ്രമേയം അംഗീകരിക്കണം എന്ന പ്രശ്നം സംബന്ധിച്ച്

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ III-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

(2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2003-ലെ കേരള വൃക്ഷ സംരക്ഷണ (ഭേദഗതി) ബിൽ

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2003-ലെ കേരള വൃക്ഷ സംരക്ഷണ (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, സബ്ജക്ട് കമ്മിറ്റി സ്റ്റേജിൽ ഒരു ഭേദഗതി മാത്രമാണ് ഉണ്ടായിരിക്കുന്നത്. അതിന്റെ മൂലനിയമത്തിൽ 4-ാം വകുപ്പിന് ക്ലാസ് രണ്ടിൽ പ്രസ്താവിച്ചിട്ടുള്ള ഒരു നിർദ്ദേശത്തിൽ ഒന്ന് രണ്ട് വാക്കുകൾ മാറ്റാനായിട്ടാണ് സബ്ജക്ട് കമ്മിറ്റി പറഞ്ഞിരിക്കുന്നത്..... "or in any other law for the time being in force, or in any contract, agreement, custom or usage" .....എന്ന വാക്കുകൾ മാറ്റാനുള്ള നിർദ്ദേശമാണ് സബ്ജക്ട് കമ്മിറ്റിയിൽ വന്നിരുന്നത്. അതല്ലാതെ ഒരു മാറ്റവും ഉദ്ദേശിച്ചിട്ടില്ല. ഈ മാറ്റം മാത്രമാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഞാൻ കൂടുതൽ സമയം എടുക്കുന്നില്ല. എല്ലാവരും അംഗീകരിക്കുന്ന ബില്ലാണ്. നമുക്ക് പാസ്സാക്കാം.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, ബഹുമാനപ്പെട്ട മന്ത്രി ഇതെല്ലാവരും അംഗീകരിക്കുന്ന, വളരെ എളുപ്പത്തിൽ പാസ്സാക്കി എടുക്കേണ്ട ഒരു ബില്ലാണെന്ന സൂചന നൽകിക്കൊണ്ടാണ് അദ്ദേഹത്തിന്റെ സംസാരം ചുരുക്കിയത്. അത്ര ലാഘവത്തോടെ നമ്മൾ കാണുകയും പാസ്സാക്കി എടുക്കുകയും ചെയ്യേണ്ട ഒരു നിയമമാണ് ഇത് എന്ന അഭിപ്രായം എനിക്കില്ല. കാരണം വൃക്ഷസംരക്ഷണം സംബന്ധിച്ച് നമ്മുടേതു പോലത്തെ ഒരു സംസ്ഥാനം തികഞ്ഞ ബോധ്യത്തിലേക്ക് വരുന്നതുതന്നെ 10-25 വർഷം മുമ്പാണ്. അപ്പോഴേക്കും നമ്മുടെ വനത്തിന്റെ വിസ്തൃതി വല്ലാതെ ചുരുങ്ങിക്കഴിഞ്ഞിരുന്നു. 1975-76 കാലഘട്ടത്തിൽ 26 ശതമാനത്തിലേറെ വിസ്തൃതിയുണ്ടായിരുന്ന നമ്മുടെ വനം ഇന്ന് 11 ശതമാനത്തിലേക്ക് എത്തിയിരിക്കുന്നു. വേറൊരു

LIBRARY ARCHIVES Kerala Legislative Assembly

ഏജൻസിയുടെ കണക്ക് പ്രകാരം 6 ശതമാനം മാത്രമേയുള്ളൂവെന്നാണ് വിശദീകരിക്കപ്പെട്ടിട്ടുള്ളത്. അപ്പോൾ വനം, അതുപോലെ വൃക്ഷസംരക്ഷണം സംബന്ധിച്ചുള്ള ജാഗ്രതയില്ലായ്മ കേരളത്തിന്റെ സാമൂഹിക പരിസ്ഥിതിയെ പ്രതികൂലമായി ബാധിക്കാൻ തുടങ്ങിയിട്ടുണ്ട്. പാരിസ്ഥിതിക പ്രശ്നങ്ങൾ ഏറെ സങ്കീർണ്ണമാവുകയും സാമൂഹിക ജീവിതം അതിന്റെ ഭാഗമായിത്തന്നെ ദുരിതപൂർണ്ണമാവുകയും ചെയ്യുന്ന സ്ഥിതിവിശേഷം കൂടെ രൂപപ്പെട്ടുവന്നിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ വേണം ഈ നിയമനിർമ്മാണം സംബന്ധിച്ച് പരിശോധിക്കാനെന്നുള്ളതാണ് എന്റെ അഭിപ്രായം. ഇത് വയനാട്ടിൽ, 1986-ൽ നാം പാസ്സാക്കിയെടുത്ത വൃക്ഷസംരക്ഷണ നിയമത്തിന്റെ ഭാഗമായി മുറിക്കാൻ പാടില്ല എന്നുപറഞ്ഞ മരങ്ങൾ ഉൾപ്പെടെ അന്ന് വനം മന്ത്രിയായിരുന്ന ശ്രീ. കെ. പി. വിശ്വനാഥൻ ഇതിന് ഒരു റിലാക്സേഷൻ നൽകുകയുണ്ടായി. ആ റിലാക്സേഷൻ വന്നപ്പോൾ വളരെ വ്യാപകമായ തോതിൽ മരംവെട്ട് ഈ പ്രദേശങ്ങളിൽ ഉണ്ടാവുകയും വളരെ ശക്തമായ പ്രതിഷേധം അതിനെത്തുടർന്നു ഉയർന്നുവരികയും ചെയ്തു. താൻ കൊടുത്ത സൗജന്യം വല്ലാതെ ദുരുപയോഗം ചെയ്യുന്നുവെന്ന് അന്ന് വനംവകുപ്പ് മന്ത്രിയായിരുന്ന ശ്രീ. കെ. പി. വിശ്വനാഥന് തോന്നിയപ്പോൾ അദ്ദേഹം ആ ഉത്തരവ് പിൻവലിച്ചു. കിട്ടിയ രണ്ട് മാസത്തിനുള്ളിൽ എത്രകണ്ട് തടി വെട്ടിമാറ്റി ഇത് ദുരുപയോഗപ്പെടുത്താൻ കഴിയുമെന്നുള്ളത് അദ്ദേഹത്തിന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് അദ്ദേഹം ആ ഉത്തരവ് പിൻവലിച്ചത്. എന്നാൽ ഈ നിയമത്തിന്റെ പരിരക്ഷ ഉണ്ടായിട്ടും നമ്മുടെ വനം വ്യാപകമായി കൊള്ള ചെയ്യപ്പെടുന്ന സ്ഥിതി ഉണ്ടായി. അങ്ങനെയുണ്ടായ ഒരു സംഭവം അടിസ്ഥാനപ്പെടുത്തിക്കൊണ്ട് ഹൈക്കോടതിക്ക് നൽകിയ ഊമക്കത്തിൽ പരാമർശിക്കപ്പെട്ടിട്ടുള്ള കാര്യങ്ങളെത്തുടർന്ന് ഹൈക്കോടതി സംസ്ഥാനത്തിന് പൊതുവിൽ ബാധകമാകുന്ന നിലയിൽ മുറിക്കാൻ പാടില്ലെന്നുള്ളതിനെ സംബന്ധിച്ച് ഒരു നിർദ്ദേശം പുറപ്പെടുവിക്കുകയുണ്ടായി. വയനാട്ടിലെ തടി വ്യവസായത്തെ സംബന്ധിച്ചും ഇതുപോലെ സാധാരണക്കാരുടെ അത്യാവശ്യ നിർവ്വഹണത്തിന് ആവശ്യമായ തടിയെ സംബന്ധിച്ചിടത്തോളവും ഇത് വലിയ തോതിലുള്ള പ്രശ്നമുണ്ടാക്കി എന്നുള്ളത് വസ്തുതയാണ്. ആ അർത്ഥത്തിൽ ഈ ബില്ലിൽ നമ്മൾ ഒരു ഭേദഗതി വരുത്തുകയും സ്വാഭാവികമായി ഇതിൽ പ്രയാസമനുഭവിക്കുന്ന ആളുകളെ സംരക്ഷിക്കുവാൻ ആവശ്യമായ സംവിധാനങ്ങൾ ഉണ്ടാക്കുകയും ചെയ്യേണ്ടത് ഗവൺമെന്റിന്റെ ഉത്തരവാദിത്വമാണ്. ഞാനത് വിസ്മരിക്കുന്നില്ല. പക്ഷേ ഇതിന്റെ പഴുത് ഉപയോഗപ്പെടുത്തിക്കൊണ്ട് നമ്മുടെ വനം ആർക്കും വ്യാപകമായി കൊള്ളയടിക്കുന്നതിനാവശ്യമായ അവസരമുണ്ടാക്കുന്ന നിലയിലേക്ക് ഒരു കാരണവശാലും പോകുവാൻ അനുവദിച്ചുകൂടാ. ഈ ബില്ലിൽ രണ്ടര ഏക്കർ വരെ ഭൂമി അതിന്റെ പരിധിയിൽ നിൽക്കുന്ന ഒരു വാസഗൃഹത്തിന്റെ ചുറ്റുവട്ടത്തു നിൽക്കുന്ന മേഖലയിലെ മരങ്ങൾ മാത്രം വെട്ടുന്നതിനുള്ള സൗകര്യങ്ങളായിരുന്നു ഉണ്ടായിരുന്നത്. ഇന്ന് കൈവശ രേഖക്കാരന്, രജിസ്റ്റർ ചെയ്ത ആധാരം കയ്യിലുള്ള ആളുകൾക്ക് അതുപോലെത്തന്നെ പട്ടയം സ്വീകരിച്ചിട്ടുള്ള ആളുകൾക്ക് ഏത് നിലയിലും ഇത് മുഴുവൻ

LIBRARY ARCHIVES Kerala Legislative Assembly

വെട്ടാൻ ആവശ്യമായ സൗകര്യങ്ങളാണ് ഉണ്ടാക്കിയിട്ടുള്ളത്. അങ്ങനെ വന്നുകഴിഞ്ഞാൽ സ്വാഭാവികമായും വൃക്ഷ സംരക്ഷണം എന്നുള്ളത് അസാധ്യമായിത്തീരും. അതുകൊണ്ടു തന്നെ ഇതിന് കൃത്യമായി ഒരു നിബന്ധന മൂലനിയമത്തിൽ ഉണ്ടായതുപോലെ നാം വരുത്തേണ്ടതുണ്ട്. ഒരു കാരണവശാലും വ്യാപകമായ നിലയിൽ മരം കൊള്ളയ്ക്ക് അവസരം ഉണ്ടാക്കിക്കൊടുക്കുന്ന ഒരു സ്ഥിതി ഉണ്ടാകുവാൻ പാടില്ല. അതിന് ആവശ്യമായ നിലയിലുള്ള ഒരു മാറ്റം, ഒരു ഭേദഗതി ഈ ബില്ലിനകത്ത് നാം വരുത്തേണ്ടതുണ്ട്. അങ്ങനെ വന്നില്ലായെങ്കിൽ ഈ നിയമത്തെ സംബന്ധിച്ചിടത്തോളം അത് വലിയ തോതിൽ ദുരുപയോഗപ്പെടുത്തുന്ന സ്ഥിതിയുണ്ടാകും. ഒരു മരം അമ്പത് വർഷക്കാലം ജീവിക്കുമെന്നുണ്ടെങ്കിൽ പതിനഞ്ചു ലക്ഷം രൂപയുടെ സഹായം ആ വൃക്ഷത്തിന്റെ ഉടമസ്ഥന് നൽകുന്നുണ്ട് എന്നാണ് കണക്ക്. അത് പ്രത്യക്ഷമായി നൽകുന്ന സഹായമാണ്. ആ മരം അതിന്റെ ചുറ്റുവട്ടത്തുതരുന്ന ഈർപ്പം, അത് സമൂഹത്തിനു നൽകുന്ന ശുദ്ധവായു, അതുപോലെതന്നെ അതിന്റെ ഇലകൾ വീണുണ്ടാകുന്ന ജൈവ സാന്നിദ്ധ്യം ഇവയെല്ലാം നമ്മുടെ സമൂഹത്തിന് പൊതുവിൽ വൃക്ഷം ചെയ്യുന്ന സേവനങ്ങളാണ്. നാം ഇതെല്ലാം കാണാതെയാണ് ഇത് വെട്ടിമാറ്റാൻ ആവശ്യമായ സൗകര്യങ്ങൾക്ക് പഴുത് ഉണ്ടാക്കിക്കൊടുക്കുന്ന ഒരു നിയമം പാസ്സാക്കുന്നത്. അഞ്ച് ടൺ മുതൽ പത്തു ടൺ വരെ കാർബൺ ഡൈ ഓക്സൈഡ് ഒരു മരം ഒരു ദിവസം ശുദ്ധീകരിക്കുന്നതിന് സഹായം നൽകുന്നുണ്ടെന്നാണ് കണക്ക്. ശുദ്ധ ഓക്സിജൻ പാർലറുകൾ നാട്ടിലൊക്കെത്തന്നെ തുടങ്ങാൻ നമ്മൾ നിർബന്ധിക്കപ്പെട്ടിട്ടുള്ള കാലമാണ്. നമ്മുടെ നാട്ടിൽ വ്യാപകമായി ശുദ്ധവായു പാർലറുകൾ, ഓക്സിജൻ പാർലറുകൾ വരുകയാണ്. ശുദ്ധവായു പോലും വിലകൊടുത്ത് വാങ്ങിക്കേണ്ടിവരുന്ന ഒരു സ്ഥിതി ഇപ്പോൾത്തന്നെ രൂപപ്പെട്ടിട്ടുണ്ട്. അങ്ങനെ വന്നാൽ ഈ നിലയിൽ വൃക്ഷ നശീകരണത്തിനാവശ്യമായ പഴുത് ഉണ്ടാക്കിക്കൊടുക്കുന്ന ഒരു നിയമത്തിന്റെ പിൻബലത്തോടെ നമ്മുടെ വനമേഖലയിൽ വൃക്ഷങ്ങൾ വ്യാപകമായി വെട്ടുവാൻ ആവശ്യമായ അവസരങ്ങൾ ഉണ്ടാക്കിക്കൊടുത്താൽ ഈ നാട്ടിൽ മുഴുവൻ ഓക്സിജൻ പാർലറുകൾ വരേണ്ടിവരുന്ന സ്ഥിതി ഉണ്ടാകും. അങ്ങനെ ഒരവസ്ഥ ഒരു കാരണവശാലും ഉണ്ടാക്കികൊടുക്കുവാൻ പാടില്ല. 1986-ൽ ഈ നിയമം പാസ്സാക്കി എടുക്കുന്ന അവസരത്തിൽ, അന്ന് ഇതിനെ സംബന്ധിച്ച് വളരെ വിശദമായി ചർച്ച നടക്കുന്ന അവസരത്തിൽ ഇന്നത്തെ പാർലമെന്ററി കാര്യ വകുപ്പുമന്ത്രി ബഹുമാനപ്പെട്ട ശ്രീ എം.എം.ഹസ്സൻ ഇടപ്പെട്ടുകൊണ്ടു ചോദിച്ച വളരെ രസകരമായ ഒരു ചോദ്യം ഉണ്ട്. നമ്മൾ പരിശോധിക്കേണ്ട ഒരു പ്രശ്നമാണത്. "ശ്രീ. മണിമംഗലത്തു കുട്ട്യാലി സംസ്കാരത്തെക്കുറിച്ച് വിശദീകരിക്കുകയാണല്ലോ. ശ്രീരാമൻ പണ്ട് വനവാസത്തിന് പോയത് അങ്ങ് പുരാണത്തിൽ വായിച്ചിട്ടുണ്ടല്ലോ. അന്ന് വളരെ നിബിഢമായ വനങ്ങൾ ഉണ്ടായിരുന്നു. എന്നാൽ ഇന്ന് നമ്മുടെ ജനാധിപത്യ വ്യവസ്ഥയിൽ നമ്മുടെ മന്ത്രിമാർക്ക് ആർക്കെങ്കിലും വനവാസത്തിന് പോകണമെങ്കിൽ പോകാൻ ഒരു വനം അങ്ങേക്ക് ചുണ്ടിക്കാണിക്കുവാ�ൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിയുമോ'' എന്നാണ് ശ്രീ. ഹസ്സന്റെ അന്നത്തെ ചോദ്യം. 1986-ൽ ചോദിച്ച ആ ചോദ്യം, പത്ത് ഇരുപത് കൊല്ലം കഴിഞ്ഞ് അന്ന് തന്നെ വനസംരക്ഷണത്തിനാവശ്യമായ സംവിധാനം ഉണ്ടാക്കാത്തതിന്റെ ഭാഗമായി ബാക്കിയുള്ള വനംകൂടി ഏറെക്കുറെ ഇല്ലാതായിക്കഴിഞ്ഞിട്ടുണ്ട്. ഇന്ന് നമ്മുടെ പല മന്ത്രിമാരും ഏറെക്കുറെ വനവാസത്തിന് പോകുവാനുള്ള തയ്യാറെടുപ്പിലാണ്. അവർക്ക് എവിടെ പോയാലാണ് തപസ്സിരിക്കാൻ ഇന്ന് വനം ലഭിക്കുന്നത്? അത്ര കഷ്ടമാണ് വനത്തിന്റെ ഇന്നത്തെ സ്ഥിതി. നമ്മുടെ വനത്തിന്റെ സ്ഥിതി വളരെ പരിതാപകരമാണെന്നുള്ളത് തീർച്ചയായും കേരളത്തിലെ സർക്കാരിന് ബോധ്യമുണ്ടാകേണ്ടതാണ്. അങ്ങനെ ഒരു ബോധ്യം ഉണ്ടാകുന്നതിന്റെ ചുറ്റുപാടിലാണ് ഈ നിയമം കൊണ്ടുവരുന്നതെങ്കിൽ അത് നമുക്ക് പരിഗണിക്കുവാൻ കഴിയും. പക്ഷേ ഇതിന്റെ താല്പര്യം അതല്ല എന്നുള്ളതാണ് സംഗതി. അതു കൊണ്ടുതന്നെ വൃക്ഷ സംരക്ഷണം എന്നുള്ള നിയമത്തിലെ പഴുതുകൾ അവസാനിപ്പിച്ചുകൊണ്ടുള്ള ഒരു.....

ശ്രീ. ടി. കെ. ദേവകുമാർ: 1983-ൽ ശ്രീ. കെ. പി. വിശ്വനാഥൻ പുറപ്പെടുവിച്ച ഒരു ഓർഡറിനെകുറിച്ച് പറയുകയുണ്ടായി. ആ ഓർഡർ പിൻവലിക്കുവാൻ ഉണ്ടായ സാഹചര്യം എന്താണെന്ന് പറയാമോ? അന്നത്തെ എൽ.ഡി.എഫ്. നേതൃത്വം ഒരു ബില്ല് തയ്യാറാക്കിയതിന്റെ കരടിനകത്ത് ഭൂമിയുടെ വിസ്തൃതി എത്രയെന്നു പറഞ്ഞിട്ടുണ്ട്. ഈ ബില്ലിനകത്ത് ഭൂവിസ്തൃതി ഇല്ലാത്തത് മലയോര രംഗത്ത് ഭൂമി കൈവശപ്പെടുത്തി ഉണ്ടാക്കിയ കള്ള രേഖകൾ ഉപയോഗിച്ച് ഭൂമി കൈവശപ്പെടുത്തിയ ആളുകളെയും അതുപോലെതന്നെ ലീസിന് എടുത്തിരിക്കുന്ന എസ്റ്റേറ്റുകളെയും ഈ നിയമത്തിന്റെ മറവിൽ കോടതിവിധിയെ മറികടക്കുവാൻ എന്ന പേരിൽ മരം മുറിച്ചുതള്ളാൻ വേണ്ടിയുള്ള ഒരു വകുപ്പായിട്ടല്ലേ ഈ ബില്ല് മാറ്റുവാൻ പോകുന്നത്.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: തീർച്ചയായും. കാരണം തോട്ടവിളകൾ ഉണ്ടാക്കുന്നതിന് വേണ്ടി മരം മുറിക്കാമെന്നുള്ളത് മൂലനിയമത്തിൽത്തന്നെ പറയുന്നുണ്ട്. അതുപോലെ തന്നെ ഒരു ഹെക്ടർ എന്നുള്ള പരിധി എടുത്തു കളഞ്ഞുകൊണ്ട് എവിടെയും മരം വെട്ടാം എന്നുള്ള നിലയിലേക്കാണ് ഇപ്പോഴത്തെ സാഹചര്യത്തിൽ പോകുന്നത്. അതുകൊണ്ട് ഒരു കാരണവശാലും വ്യാപകമായി തടി കൊള്ളയടിക്കുവാൻ സഹായിക്കുന്ന ഒരു നിയമനിർമ്മാണം അനുവദിച്ചുകൊണ്ടുള്ള ഒരു സമീപനം ഇതിന്റെ ഭാഗമായി വരാൻ പാടില്ല. ആ കുറ്റങ്ങൾ തീർത്തുക്കൊണ്ടുള്ള ഒരു ബില്ല് കൊണ്ടുവരുന്നതിനു വേണ്ടി ബഹുമാനപ്പെട്ട മന്ത്രി മുൻകയ്യെടുക്കണമെന്ന അഭ്യർത്ഥനയോടെ ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: പുതിയ കേരള വൃക്ഷ സംരക്ഷണ (ഭേദഗതി) ബിൽ ഹൈക്കോടതി വിധിയെ മറികടക്കുവാനുള്ള ഒരു കുറുക്കുവഴിയാണ്. തടികൾ അനധികൃതമായി കടത്തുന്നതിനെ സംബന്ധിച്ചുവന്ന ഊമക്കത്തുകളുടെ അടിസ്ഥാന

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ത്തിലാണ് വിധി എന്നാണ് സർക്കാരിന്റെ വിശദീകരണം. വയനാട്ടിലെ പ്രകൃതി സ്നേഹികളുടെ സംഘടനയാണ് ഹൈക്കോടതിയെ സമീപിച്ചത്. അടുത്ത കാലത്തായി വനം കയ്യേറ്റവും വനം നശീകരണവും വളരെ വ്യാപകമാണ്. വനം കയ്യേറിയ ഉടൻ കൃഷി ഇറക്കുവാൻ വേണ്ടി അവിടെയുള്ള മരം വെട്ടുന്നു. ഈ വെട്ടി മാറ്റുന്ന മരങ്ങളാണ് കാടിന് പുറത്തേക്ക് നിയമാനുസൃതമായി കടത്തിക്കൊണ്ടുവരുന്നത്. ഇക്കൂട്ടത്തിൽ വിലപിടിപ്പുള്ള മരങ്ങളും ഉണ്ടാകും. ഇത് ഒഴിവാക്കുവാൻ വേണ്ടിയാണ് ഹൈക്കോടതി ഏതൊരു മരം മുറിക്കുന്നതിനും നിരോധനം ഏർപ്പെടുത്തിയിട്ടുള്ളത്. ഭക്ഷണം പാകം ചെയ്യാനും മറ്റും കേരളത്തിലെ ജനങ്ങൾ ഇപ്പോഴും വിറകാണ് ഉപയോഗിക്കുന്നത്. കാട്ടിൽനിന്നും മരം മുറിച്ച് വിറകാക്കി തലച്ചുമടായും കാളവണ്ടിയിലും മറ്റുമൊക്കെയാണ് കൊണ്ടുവരുന്നത്. അതുകൊണ്ടുതന്നെ വനം വല്ലാതെ നശിക്കുന്നുണ്ട്. പുതിയ ഭേദഗതി നിയമം അംഗീകരിച്ചാൽ വിറകിന്റെ പേരിൽ വൻതോതിൽ നല്ല വില പിടിപ്പുള്ള മരങ്ങൾ പുറത്തേക്ക് കൊണ്ടുവരാൻ കഴിയും. ഇതിന് ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാർ കൂട്ടുനിൽക്കുകയും ചെയ്യും. മറയൂർ കാടുകളിൽ നിന്നും ചന്ദനം കടത്തുന്നത് വിറകെന്ന പേരിൽ തലച്ചുമടായിട്ടാണ്. പുതിയ ഭേദഗതി വന്നാൽ വിറകുകൾക്കുള്ളിൽ ചന്ദനമുട്ടികളും മറ്റും വച്ചു കെട്ടി വളരെ എളുപ്പത്തിൽ കടത്താനാകും. അതുകൊണ്ട് 1986-ലെ വൃക്ഷ സംരക്ഷണ നിയമത്തിൽ വെള്ളം ചേർത്ത് വനം കൊള്ളക്കാരെ സംരക്ഷിക്കുവാനുള്ള ഭേദഗതിയെ ഞാൻ ശക്തിയായി എതിർക്കുന്നു.

ശ്രീ. എൻ. ഡി. അപ്പച്ചൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2003-ലെ കേരള വൃക്ഷസംരക്ഷണ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുകയാണ്.

വയനാട്ടിലെ കൈവശ കൃഷിക്കാരുടെ പറമ്പിൽനിന്നും മരങ്ങൾ മുറിക്കുന്നത് കഴിഞ്ഞ രണ്ടു വർഷമായി ഹൈക്കോടതി ഒരു ഉത്തരവുമൂലം നിരോധിച്ചിരിക്കുകയാണ്. കൈവശ കൃഷിക്കാർക്ക് അവരുടെ കൈവശമുള്ള ഭൂമിയിലുള്ള മരം മുറിച്ചുകൊണ്ടു പോകുവാനുള്ള അവകാശം കോടതി വിധിയിലൂടെ നിഷേധിച്ച അവസരത്തിൽ അത് മാറിക്കിട്ടുന്നതിനു വേണ്ടിയാണ് ഗവൺമെന്റ് ഒരു ബില്ല് ഈ സഭയിൽ അവതരിപ്പിച്ചു കൊണ്ട് വയനാട്ടിലെ മുഴുവൻ കൃഷിക്കാരെയും സഹായിക്കുവാൻ മുന്നോട്ടു വന്നിട്ടുള്ളത്. എനിക്ക് മുമ്പ് സംസാരിച്ച എന്റെ ബഹുമാന്യനായ മെമ്പർ ഇതിന്റെ മറവിൽ കാട്ടിലെ മരങ്ങളെല്ലാം മുറിച്ചു കൊണ്ടുപോയി വിൽക്കും. പരിസ്ഥിതിക്ക് ആകമാനം കുഴപ്പമുണ്ടാകും എന്നൊക്കെ അഭിപ്രായപ്പെട്ടു. എനിക്ക് പ്രിയപ്പെട്ട, ബഹുമാനപ്പെട്ട മെമ്പറോട് ചോദിക്കുവാനുള്ള ഒരു കാര്യം പ്രസംഗിച്ച ആളുകളുടെ രാഷ്ട്രീയ പ്രസ്ഥാനം മാർക്സിസ്റ്റ് പാർട്ടി, വയനാട്ടിലെ ആ പാർട്ടിക്കാരുടെ അഭിപ്രായം എന്താണെന്നുള്ളതിനെ സംബന്ധിച്ച് ഒരു ചോദ്യം എന്റെ മുമ്പിലുണ്ട്. മാത്രമല്ല, വയനാട്ടിലെ മാർക്സിസ്റ്റ്

പാർട്ടി, ആ നാട്ടിലെ ജനങ്ങളുടെ കൈവശത്തിലുള്ള മരം മുറിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ശക്തമായ പ്രക്ഷോഭങ്ങളും സമരങ്ങളും നടത്തിക്കൊണ്ടിരിക്കുകയുമാണ്. അവിടെ ഒരു ദിവസം പൂർണ്ണമായി നാല് സ്ഥലത്ത് റോഡ് തടഞ്ഞു, വഴിതടഞ്ഞു അവിടത്തെ സാധാരണക്കാരായ കൃഷിക്കാരുടെ സ്ഥലത്തെ മരങ്ങൾ മുറിച്ചുകൊണ്ട് പോകുവാൻ അനുവാദം കിട്ടണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അവർ സമരം ചെയ്യുന്ന ഒരു സാഹചര്യം അവിടെ കണ്ടു. വയനാടിലെ മുഴുവൻ ജനവിഭാഗങ്ങളും കാലാകാലങ്ങളായി ഇന്ത്യക്ക് സ്വാതന്ത്ര്യം കിട്ടുന്നതിനുമുമ്പ് തന്നെ കൈവശം വച്ചിട്ടുള്ള ജന്മപട്ടയ ഭൂമിയിലെ മരങ്ങളും അതിനുശേഷം സർക്കാർ ലാന്റ് അസ്സൈൻമെന്റ് ആക്ട് പ്രകാരം പട്ടയം കൊടുത്തതും ട്രിബ്യൂണൽ മുഖാന്തിരം പട്ടയം കൊടുത്തതും ആയ ഭൂമികളിലുള്ള മരങ്ങളൊക്കെ തന്നെ കൈവശക്കാരന് മുറിച്ചുകൊണ്ടുപോകാനുള്ള അവകാശമുണ്ട്.അങ്ങനെ മുറിച്ചുകൊണ്ട് പോകുന്ന മരങ്ങൾക്ക് റവന്യൂ ഡിപ്പാർട്ട്മെന്റും ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റും കൂടി സംയുക്തമായി പരിശോധന നടത്തിയശേഷം ആ മരങ്ങൾ കടത്തിക്കൊണ്ട് പോകാനുള്ള കടത്ത്പാസ് കൊടുക്കുന്നുണ്ട്. ആ രൂപത്തിലാണ് അവിടെ മുറിക്കുന്ന മരങ്ങൾ കൊണ്ടുപോയിക്കൊണ്ടിരിക്കുന്നത്. ഇവിടെ പാവപ്പെട്ട കൃഷിക്കാരെ ബാധിക്കുന്ന ഒരു പ്രശ്നമാണിത്. ആ പ്രശ്നത്തിൽ ഹൈക്കോടതിയുടെ ഉത്തരവുണ്ടായി. 2001 ഒക്ടോബർ മാസം 9-ാം തീയതി ഹൈക്കോടതിയുടെ വിധിയിലൂടെയാണ് മരം മുറി അവിടെ തടസ്സപ്പെട്ടത്. അങ്ങനെ മരം മുറി തടസ്സപ്പെടാനുണ്ടായ കാരണം എന്താണെന്നു ചോദിച്ചാൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പേര്യ, പഞ്ചാരക്കൊല്ലി തുടങ്ങിയ സ്ഥലങ്ങളിൽ നിന്നൊക്കെ അനധികൃതമായി കണ്ടമാനം മരങ്ങൾ മുറിച്ചുക്കൊണ്ടുപോയി. അത് സംബന്ധിച്ചുള്ള കേസിന്റെ വിജിലൻസ് അന്വേഷണം ഇപ്പോൾ നടന്നുക്കൊണ്ടിരിക്കുകയാണ്. അങ്ങനെയുണ്ടായപ്പോൾ പരിസ്ഥിതിക്ക് കോട്ടം തട്ടുമെന്നുള്ള കാരണം കൊണ്ടുതന്നെയായിരിക്കും ഏതോ ഒരു വ്യക്തി പേര് വക്കാതെ ഒരു പെറ്റീഷനെഴുതി ഹൈക്കോടതിയിലേക്ക് കൊടുത്തു. ബഹുമാനപ്പെട്ട ഹൈക്കോടതി ആ പെറ്റീഷൻ ഫയലിൽ സ്വീകരിച്ചുകൊണ്ട് വയനാടിൽ നിന്ന് ഒരു മനുഷ്യൻപോലും മരം മുറിക്കാൻ പാടില്ല, കൊണ്ടുപോകാൻ പാടില്ല എന്നുപറഞ്ഞുകൊണ്ട് ഒരു ഉത്തരവിറക്കി. അതിന്റെ വെളിച്ചത്തിലാണ് കഴിഞ്ഞ 23 മാസക്കാലമായി വയനാട്ടിലെ ജനങ്ങൾക്ക് തങ്ങളുടെ കൈവശമുള്ള ഭൂമിയിൽ വച്ചുപിടിപ്പിച്ച മരങ്ങളോ, സ്വന്തമായി വളർന്നുവന്ന മരങ്ങളോ, മാവ്, പ്ലാവ് എന്നിവ പോലുള്ള മരങ്ങളോ മുറിക്കാൻ പാടില്ലായെന്നു പറഞ്ഞുകൊണ്ട് കോടതി വിധി ഉണ്ടായത്. ആ വിധിമൂലമുണ്ടായ പ്രയാസങ്ങളും ബുദ്ധിമുട്ടുകളും ജനങ്ങൾ കഴിഞ്ഞ രണ്ട് വർഷമായി അനുഭവിച്ചുക്കൊണ്ടിരിക്കുകയാണ്. അത് നീക്കിക്കിട്ടണമെന്നുള്ളതാണ് ഇക്കാര്യത്തിൽ ഞങ്ങളുടെ ആവശ്യം. അല്ലാതെ ഇവിടെ പ്രസ്താവിച്ച പോലെ.....

ശ്രീ. പി. ജയരാജൻ: ബഹുമാനപ്പെട്ട ശ്രീ. അപ്പച്ചൻ പറയുന്നത് ശരിയാണ്. വയനാടിലെ കർഷകർ കുറെയധികം പ്രയാസങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്നുണ്ട്. ആ പ്രയാസങ്ങൾ പരിഹരിക്കുന്നതിന് മാർക്സിസ്റ്റ് പാർട്ടി അനുകൂലമാണ്. പക്ഷേ ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

ബിൽ പൈലറ്റ് ചെയ്തിട്ടുള്ള നിയമ മന്ത്രി 1986-ലെ കേരള പ്രിസർവേഷൻ ഓഫ് ട്രീസ് ആക്ടിനുള്ള ഭേദഗതിയായിട്ടാണ് അവതരിപ്പിച്ചിട്ടുള്ളത്. എന്നാൽ അദ്ദേഹം ചെയർമാനായിട്ടുള്ള ലാ റിഫോംസ് കമ്മിറ്റിയുടെ ശുപാർശയിൽ പ്രസർവേഷൻ ഓഫ് ട്രീസ് ആക്ട് തന്നെ റദ്ദാക്കാൻ വേണ്ടി ഒരു ബിൽ തയ്യാറാക്കിയ കാര്യം ബഹുമാനപ്പെട്ട ശ്രീ. അപ്പച്ചൻ മനസ്സിലാക്കിയിട്ടുണ്ടോ?

ശ്രീ. എൻ. ഡി. അപ്പച്ചൻ: അതിനുള്ള മറുപടി അദ്ദേഹം ഇവിടെ പറയും. മാത്രമല്ല വേറൊരു കാര്യം സൂചിപ്പിക്കാനുള്ളത് ബഹുമാനപ്പെട്ട മെമ്പർമാർക്ക് ചില സംശയം വന്നുതുടങ്ങിയിട്ടുണ്ട്. ഈ നിയമം ഇവിടെ പാസ്സാകുന്നതോടുകൂടി കേരളത്തിലെ കാട്ടിലെ മുഴുവൻ മരങ്ങളും മുറിച്ചുകൊണ്ട് പോകുമെന്നുള്ള ധാരണയിലാണ് ഇപ്പോൾ പറയുന്നത്. ഇക്കാലത്ത് അങ്ങനെ ആർക്കെങ്കിലും മരം മുറിച്ചുകൊണ്ടുപോകാൻ കഴിയുമോ? ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകൾ ഇവിടെയുണ്ട്. ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ ഇവിടെയുണ്ട്. ഈ സന്ദർഭത്തിൽ ഇവിടെനിന്ന് വ്യാപകമായി മരം മുറിച്ചുകൊണ്ടുപോകാൻ കഴിയുമെന്നുള്ള അഭിപ്രായം ഇതുസംബന്ധിച്ച് എനിക്കില്ല. എനിക്ക് അത് തോന്നിയിട്ടില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: മലയാള മനോരമ കുറെ ദിവസങ്ങളായി എഴുതിയ ചന്ദനം കടത്ത് സംബന്ധിച്ചുള്ള വാർത്ത അങ്ങ് വായിച്ചിട്ടുണ്ടോ? എങ്ങനെയൊക്കെയാണ് ചന്ദനം കടത്തിക്കൊണ്ടുപോകുന്നത് എന്നൊക്കെ വായിച്ച ഒരാൾക്ക് മരം മുറിക്കില്ല, കടത്തിക്കൊണ്ട് പോകില്ല എന്ന് എങ്ങനെയാണ് പറയാൻ സാധിക്കുന്നത്?

ശ്രീ. എൻ. ഡി. അപ്പച്ചൻ: അങ്ങനെയാണെങ്കിൽ രാഷ്ട്രീയ പ്രസ്ഥാനങ്ങളും അതുപോലെതന്നെ ഗവൺമെന്റും മറ്റ് സംവിധാനങ്ങളും ഇവിടെ വേണ്ടല്ലോ. പത്രങ്ങളിൽ പല വാർത്തകളും വരും. അതിന്റെ ന്യായാന്യായങ്ങളിലേക്ക് കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അങ്ങനെ ഉണ്ടെങ്കിൽ ശക്തമായ ഗവൺമെന്റ് നടപടികളിലൂടെ അത് നിർത്തണമെന്ന അഭിപ്രായക്കാരനാണ് ഞാൻ. ഇതിന്റെയെല്ലാം മറവിൽ ഒരു ജില്ലയിലെ ജനങ്ങൾ മാത്രം, കേരളത്തിൽ ഒരു നിയമമുണ്ടെങ്കിൽ ആ നിയമം എല്ലാ ജനങ്ങൾക്കും ഒന്നായി ബാധകമാക്കണം. അതിൽനിന്ന് വ്യത്യസ്തമായി വയനാട് ജില്ലയിൽ മാത്രം കഴിഞ്ഞ 23 മാസക്കാലമായി ജനങ്ങൾ അനുഭവിക്കുന്ന ദുരിതപൂർണ്ണമായ ഒരു അവസ്ഥയുണ്ട്. ആ അവസ്ഥക്ക് പരിഹാരം കാണേണ്ടേ? അതാണ് ആവശ്യം. ഞങ്ങൾ നട്ടുവളർത്തിയ മരങ്ങൾ മുറിച്ചുകൊണ്ടുപോകാനുള്ള അവകാശം ഞങ്ങൾക്കുണ്ട്. പിന്നെ ഗവൺമെന്റ് ഭൂമി ആ കാലഘട്ടത്തിൽ കയ്യേറി കുടിയേറ്റക്കാരായി കൈവശം വച്ചിട്ടുണ്ടെങ്കിൽ സർക്കാരിലേക്ക് മരത്തിന്റെ വിലയും ആ ഭൂമിയുടെ വിലയും അതുപോലെത്തന്നെ സർവ്വേയുടെ ചാർജ്ജുമൊക്കെ കൊടുത്തുകൊണ്ടാണ് ഞങ്ങൾ പട്ടയം വാങ്ങിയിട്ടുള്ളത്. ഞങ്ങൾക്ക് ജന്മാവകാശമായി പട്ടയം കിട്ടിയിട്ടുള്ളതാണ്. ആ ഭൂമിയിലെ മരങ്ങൾ മുറിച്ചുകൊണ്ടുപോകാൻ നിയമപരമായി

LIBRARY ARCHIVES Kerala Legislative Assembly

ഞങ്ങൾക്ക് അവകാശമുണ്ട്. ആ അവകാശം കോടതി നിഷേധിച്ചിരിക്കുകയാണ്. ആ അവകാശം പുനഃസ്ഥാപിച്ച് കിട്ടണമെന്നുള്ളതാണ് നമ്മുടെ ആവശ്യം. അതിന്റെ മറവിൽ കാട്ടിൽനിന്ന് ഇഷ്ടംപോലെ മരം മുറിച്ചുകൊണ്ടുപോകുന്നുവെന്ന് പറഞ്ഞാൽ അതിനോട് യോജിക്കാൻ എനിക്ക് പ്രയാസമുണ്ട്. അതൊരു ശരിയായ കാര്യമാണെന്ന അഭിപ്രായം എനിക്കില്ല. വേറെ സംവിധാനങ്ങളുണ്ട്. ആ കാര്യങ്ങളൊക്കെ നോക്കട്ടെ. എന്തായാലും ഇവിടെ ഈ ബിൽ പാസ്സാക്കിത്തന്നുകൊണ്ട് കഴിഞ്ഞ 23 മാസക്കാലമായി വയനാട്ടിലെ ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ ഞങ്ങളെ സഹായിച്ചേ പറ്റൂ. ബഹുമാന്യനായ റവന്യൂ വകുപ്പുമന്ത്രി ഇവിടെ നിയമം കൊണ്ടുവന്ന സന്ദർഭത്തിൽ അദ്ദേഹം ഇവിടെ സൂചിപ്പിച്ചതുപോലെ കാട്ടിലെ മരം മുറിച്ചുകൊണ്ടുപോകാനുള്ള നിയമ സംവിധാനമായാണ് ഈ ബിൽ കൊണ്ടുവന്നതെന്ന അഭിപ്രായം എനിക്കില്ല. കഴിഞ്ഞ 23 മാസക്കാലമായി വയനാട്ടിലെ ജനങ്ങൾ അനുഭവിക്കുന്ന പ്രശ്നം പരിഹരിച്ച് കിട്ടുന്നതിനുവേണ്ടിയാണ് ഈ ബിൽ ഇവിടെ കൊണ്ടുവന്നിരിക്കുന്നത്. ആ ബിൽ കൊണ്ടുവന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയേയും റവന്യൂമന്ത്രിയേയും അഭിനന്ദിച്ചുകൊണ്ട് തന്നെ ഈ ബിൽ എത്രയും പെട്ടെന്ന് നിയമമാക്കിക്കൊണ്ടുവന്ന് വയനാട്ടിലെ ജനങ്ങളെ രക്ഷിക്കണമെന്ന് പറയാൻ മാത്രമേ ഞാൻ ഈ സന്ദർഭം ഉപയോഗിക്കുന്നുള്ളൂ.

ശ്രീ. മത്തായി ചാക്കോ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2003-ലെ കേരള വൃക്ഷ സംരക്ഷണ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. കേരള വൃക്ഷ സംരക്ഷണ (ഭേദഗതി) ബില്ലിനെ ഞങ്ങൾ പൊതുവിൽ അനുകൂലിക്കുകയാണ്. അനുകൂലിക്കാൻ കാരണം വയനാട്ടിലെ ചെറുകിട കൃഷിക്കാരായിട്ടുള്ള ആളുകൾക്ക് ഹൈക്കോടതി വിധിയെത്തുടർന്ന് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകളുടെ അടിസ്ഥാനത്തിലാണ്. എന്നാൽ ചന്ദനം മണക്കുന്ന യു.ഡി.എഫ്. ഗവൺമെന്റിന്റെ കീഴിൽ ഈ ബിൽ പാസ്സാക്കിയെടുത്താൽ കേരളത്തിലെ അവശേഷിക്കുന്ന മരം കൂടി മുറിച്ച് മാറ്റപ്പെടുമോ എന്നുള്ള ആശങ്ക ഞങ്ങൾക്കുണ്ട് എന്നുള്ളതുകൊണ്ടാണ് ഇവിടെ വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയിട്ടുള്ള എന്റെ സുഹൃത്തുക്കൾ ഈ ബില്ലിന്റെ അവതരണവേളയിലും ഞങ്ങളാകെയും ഈ നിലപാടുകളെ എതിർത്തിട്ടുള്ളത്. ഈ ബിൽ പരിഗണിക്കുമ്പോൾ 1986-ലെ കേരള പ്രിസർവേഷൻ ഓഫ് ട്രീസ് ആക്ട് കൊണ്ടുവന്നതിന്റെ ഉദ്ദേശ്യം നമ്മൾ വിസ്മരിച്ചുകൂടാ. അതിലെ ഒരു സെക്ഷന്റെ ഭേദഗതിയാണല്ലോ കൊണ്ടുവരുന്നത്. വൃക്ഷസംരക്ഷണ നിയമത്തിൽ നമ്മൾ പാസ്സാക്കുന്ന ഭേദഗതി അടിസ്ഥാന നിയമത്തിന്റെ ഉദ്ദേശ്യങ്ങളിൽനിന്നും വ്യതിചലിക്കുകയില്ലായെന്നുള്ള ഉറപ്പുണ്ടാകണമെന്നാണ് ഞങ്ങൾക്ക് അഭിപ്രായപ്പെടാനുള്ളത്. വൃക്ഷ സംരക്ഷണ നിയമം കേരളത്തിലെ വൃക്ഷ സ്നേഹികളെ സംബന്ധിച്ചും പാരിസ്ഥിതിക പ്രവർത്തകരെ സംബന്ധിച്ചും നമ്മുടെ സംസ്ഥാനത്തിന്റെ ദീർഘകാലാടിസ്ഥാനത്തിലുള്ള താല്പര്യങ്ങളുടെ അടിസ്ഥാനത്തിലും അന്ന് കൊണ്ടുവന്നിട്ടുള്ള നിയമമാണ്. സെക്ഷൻ-4, സെക്ഷൻ-5 എന്നീ രണ്ടു വകുപ്പുകളാണ് പ്രധാനമായും ആ നിയമത്തിൽ ഉണ്ടായിരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

Restriction regarding cutting of trees എന്നുപറയുന്ന സെക്ഷനും prohibition of cutting trees in notified areas എന്നതും ഈ രണ്ട് സെക്ഷനുകളിൽ സെക്ഷൻ-4 ന്റെ ജീവൻ തന്നെ തകർക്കുന്ന രൂപത്തിലുള്ള ഒരു നിലപാട് ഇവിടെ വരുമോയെന്നുള്ളതാണ് ഞങ്ങളുടെ ആശങ്ക. ഞാൻ ബഹുമാനപ്പെട്ട നിയമമന്ത്രിയുടെ ശ്രദ്ധ ഒരു കാര്യത്തിലേക്ക് ക്ഷണിക്കുകയാണ്. നമ്മുടെ ഒറിജിനൽ ആക്ടിലെ സെക്ഷൻ 2(ഇ)-യിൽ വൃക്ഷത്തിന്റെ നിർവ്വചനത്തിൽ പത്ത് മരങ്ങളെക്കുറിച്ച് പറയുന്നുണ്ട്. ഈ ആക്ടിലെ നാലാം വകുപ്പ് പ്രകാരം രണ്ടാം വകുപ്പ് (ഇ) ഖണ്ഡത്തിൽ നിർവ്വചിച്ചിരിക്കുന്ന ചന്ദനം, തേക്ക്, ഈട്ടി, ഇരുൾ, തേമ്പാവ്, കമ്പകം, ചെമ്പകം, ചടച്ചി, ചന്ദന വേമ്പ്, ചീനി, (Cheeni) എന്നീ പത്ത് വർഗ്ഗങ്ങളിൽ മാത്രം ഉൾപ്പെടുന്ന വൃക്ഷങ്ങൾ മുറിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്നു. ഞാൻ ഇവിടെ ഉന്നയിക്കുന്ന പ്രശ്നം ഈ ഒറിജിനൽ ആക്ടിലെ സെക്ഷൻ 2 (ഇ)-യിൽ പറയുന്ന വൃക്ഷത്തിന്റെ നിർവ്വചനം നിലനിൽക്കേ നമ്മൾ ഇവിടെ ഭേദഗതി കൊണ്ടുവരികയാണ്. ആ ഭേദഗതി കൊണ്ടു വരുന്നത് നാലാം വകുപ്പിലെ അഞ്ചാം ഉപവകുപ്പിന് അനുബന്ധമായിട്ടാണ്. അങ്ങനെ ഭേദഗതി കൊണ്ടുവരുമ്പോൾ ഒറിജിനൽ ആക്ടിലെ വൃക്ഷത്തിന്റെ നിർവ്വചനത്തിൽ ഈ മുറിക്കാൻ പോകുന്ന മരങ്ങൾ ഉൾപ്പെടുമോ?അതായത് ഈ നിയമത്തിൽ വൃക്ഷങ്ങൾ എന്നുപറഞ്ഞുകൊണ്ട് പത്ത് മരങ്ങളുടെ പേരുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. വേറൊരു മരവും ഇതിൽ പറയുന്നില്ല. നമ്മുടെ ഈ ഭേദഗതിയിൽ ഈ പത്ത് മരം മുറിക്കുന്നതിനുവേണ്ടി ബന്ധപ്പെട്ട അതോറിറ്റീസിന്റെ അനുവാദം മുൻകൂട്ടി വാങ്ങണമെന്നുള്ളത് നിലനിൽക്കുകയാണ്. ഈ ട്രീസ് എന്നുപറയുന്ന നിർവ്വചനത്തിൽതന്നെ ആവശ്യമായ ഭേദഗതി കൊണ്ടുവരാതെ സെക്ഷൻ 4-ൽ (5)-ന് ഒരു ഭാഗം കൂടി കൂട്ടിച്ചേർക്കുന്നതു കൊണ്ട് ഉദ്ദേശിക്കുന്ന പ്രയോജനമുണ്ടാകുമോ?

ശ്രീ. എ. എൻ. രാജൻബാബു: .....or patta holder of any land shall have the right to cut or cause to be cut any tree, other than a tree as defined in clause (e) of section 2 എന്നു പറയുന്നത് ഒഴിവാക്കിക്കൊണ്ട് തന്നെയല്ലേ other than a tree as defined in clause (e) of section 2, അതിനാണ് പെർമിഷൻ.

ശ്രീ. മത്തായി ചാക്കോ: അത് നേരത്തെയുണ്ട്. ഇതിനകത്തു തന്നെ വകുപ്പുണ്ട്. ഇപ്പോൾ തന്നെ ചെറുകിട കൃഷിക്കാർക്ക് കൃഷി ആവശ്യത്തിനുവേണ്ടി മരം മുറിക്കുന്നതിന് Preservation of Trees .Act-ൽ വകുപ്പുണ്ട്. അതിന് തടസ്സം വരുന്നില്ല. ഇവിടെ പ്രശ്നം കോടതി വിധിയാണ്.

ശ്രീ. എം. വി. ജയരാജൻ: നിലവിൽ വ്യവസ്ഥയുണ്ടെങ്കിലും ഹൈക്കോടതിയുടെ വിധിയെത്തുടർന്ന് സെക്ഷൻ ഒന്നും അസാധുവാക്കാതെ വിധി ഏതെങ്കിലും ഒരു നിയമത്തിൽ ഏതെങ്കിലും ഒരു വകുപ്പിൽ അസാധുവാണ് എന്നു പറയാതെ മരം മുറിക്കാനേ പാടില്ല എന്നു കോടതി പറഞ്ഞു. അതാണ് കൃഷികൾക്ക് പ്രയാസം ഉണ്ടാക്കിയത്. എന്നാൽ കോടതി ഇന്ന സെക്ഷൻ തെറ്റാണെന്ന് പറയണ്ടേ? നിലവിൽ

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ നിയമത്തിൽതന്നെ പ്ലാവ്, ഉൾപ്പെടെയുള്ള മരങ്ങൾ മുറിക്കാൻ അനുവാദമുണ്ട്. കോടതി സെക്ഷനൊന്നും അസാധുവാക്കാതെ ഇങ്ങനെ ചെയ്യുന്നതാണ് ഇങ്ങനെയൊരു ബില്ലിന് തന്നെ ആധാരമായത് എന്ന കാര്യം അങ്ങേക്ക് അറിയില്ലേ?

ശ്രീ. മത്തായി ചാക്കോ: ശ്രീ. എം. വി. ജയരാജൻ പറഞ്ഞതുപോലെ കേരള ഹൈക്കോടതി താൽക്കാലികമായിട്ട് ഒരു വിധി പുറപ്പെടുവിക്കുകയാണ് ചെയ്തിട്ടുള്ളത്. ഇതിന്റെ ഭാഗമായിട്ട് വയനാട്ടിൽ ഉണ്ടായ സാഹചര്യത്തിന്റെ അടിസ്ഥാനത്തിൽ കോടതി വിധിയാകെ കുഴപ്പമാണെന്നു പറയാൻ കഴിയില്ല. വയനാട്ടിൽ ഉണ്ടായിരുന്ന സാഹചര്യം നമ്മൾ അടിവാരത്തിന്റെ മുകളിലേക്ക് കയറുമ്പോഴുള്ള ചുരത്തിന്റെ ഭാഗത്തുള്ള മരങ്ങളും അതുപോലെതന്നെ കൽപ്പറ്റക്ക് ഇങ്ങേ ഭാഗത്തുള്ള കാടിന്റെ പ്രദേശങ്ങളും എല്ലാം വെട്ടി വെളുപ്പിച്ച് പോകുകയാണ്. ബഹുമാനപ്പെട്ട വീരേന്ദ്രകുമാർ 1987-ൽ ശ്രീ. ഇ. കെ. നായനാർ ഗവൺമെന്റിന്റെ കാലത്ത് 'ഏക് ദിൻ ക സുൽത്താൻ' പോലെ ഒരു ദിവസം വനം മന്ത്രി ആയിരുന്നു. പക്ഷെ ഒരു ദിവസം കൊണ്ട് അദ്ദേഹം ഒരു ഗുണം ചെയ്തു. ചാർജ്ജ് എടുത്തതിനെത്തുടർന്ന് ഒരു മരവും മുറിച്ചു മാറ്റിക്കൂടെ എന്ന രൂപത്തിലുള്ള ഒരു ഉത്തരവ് പുറപ്പെടുവിച്ചു. 1957-ൽ സഖാവ് ഇ.എം.എസ്-ന്റെ ഗവൺമെന്റ് അധികാരത്തിൽ വന്ന ഏപ്രിൽ മാസം 11-ാംതീയതി സമ്പൂർണ്ണമായിട്ട് എല്ലാ കുടിയൊഴിപ്പിക്കലും നിർത്തിവച്ചുകൊണ്ടുള്ള ഓർഡിനൻസ് കൊണ്ടുവന്നു. ഏതാണ്ട് അതിന് സമാനമായിട്ടായിരുന്നു കേരളത്തിലെ കാടുകളിൽ നിന്ന് മരം വെട്ടിക്കൂടെ എന്ന ഓർഡിനൻസ്. അത് ഇപ്പോൾ ഇവിടെ അനുസ്മരിക്കാതെ വയ്യ. കേരളത്തിൽ കാട്ടിലെ മരം തേവരുടെ ആന വലിയെടാ വലി എന്നാണ് കാട്ടുകൊള്ളക്കാർ പറഞ്ഞത്. അത് ഇപ്പോൾ മാറ്റി കാട്ടിലെ മരം സുധാകരൻ ചേട്ടന്റെ ആന വലിയെടാ വലി എന്ന മട്ടിലാണ് ഈ തെക്കു മുതൽ വടക്കു വരെയുള്ള സകല കാടുകളിലും വനംകൊള്ളക്കാരുടെ മുദ്രാവാക്യം.

ശ്രീ. ബിനോയ് വിശ്വം: കാട്ടിലെ തടി സുധാകരൻ ചേട്ടന്റെ ആന, മാണി സാറിന്റെ നിയമം, വലിയെടാ വലി എന്നാക്കി മാറ്റിയിരിക്കുകയാണ്.

മി. സ്പീക്കർ: നിയമത്തിൽനിന്ന് വിട്ടുപോയാൽ ഞാൻ അടുത്ത ആളിനെ വിളിക്കും. നിയമത്തിൽ വരൂ.....

ശ്രീ. മത്തായിചാക്കോ: 1986-ലെ വൃക്ഷ സംരക്ഷണ ആക്ടിന്റെ ഉള്ളടക്കവും വ്യാപ്തിയും നിലനിർത്താൻവേണ്ടിയുള്ള പ്രതിജ്ഞാബദ്ധത ഈ ഗവൺമെന്റ് കാണിക്കുമോ എന്നുള്ളതാണ് ചോദ്യം. അത് വന്നില്ലെങ്കിൽ ഉള്ള മരം മുഴുവൻതീരും. അതിന്റെ വിശദാംശങ്ങളിലേക്ക് ഞാൻ പോകുന്നില്ല. 1957-ൽ കേരള സംസ്ഥാനം രൂപം കൊണ്ടതിനുശേഷം ഇവിടെ കയ്യേറിയിട്ടുള്ള വനത്തിന്റെ കണക്കുകൾ ഇവിടെ പറഞ്ഞു. വലിയ തോതിലുള്ള കയ്യേറ്റം ഇവിടെ നടന്നിരിക്കുന്നു. 1971-ലെ നിയമപ്രകാരം സർക്കാർ വനഭൂമിയായി പ്രഖ്യാപിച്ച സ്ഥലങ്ങളിൽപ്പോലും സ്വകാര്യവനം കയ്യേറ്റക്കാർ കേസ് കൊടുത്ത് കോടതിയിൽ ഗവൺമെന്റ് വക്കീലൻമാർ തോറ്റുകൊടുത്തു. ഇതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഭാഗമായി പോയവനത്തിന്റെ കണക്ക് പരിസ്ഥിതി കമ്മിറ്റിയുടെ റിപ്പോർട്ടിൽതന്നെ പറയുന്നത്, കോടതി ഉത്തരവുമൂലം 4639 കേസുകളിൽ 4631.25 ഹെക്ടർ ഭൂമി പഴയ ഉടമസ്ഥർക്ക് തിരിച്ചുകൊടുക്കാൻ വേണ്ടി ഉത്തരവുണ്ടായി എന്നാണ്. വയനാട് ജില്ലയെ സംബന്ധിച്ചിടത്തോളവും അതുപോലെതന്നെ. ഇതിന്റെ ഭാഗമായി പശ്ചിമഘട്ട വന പ്രദേശങ്ങളെ സംബന്ധിച്ചും അവിടെയുള്ള വനപ്രദേശങ്ങൾ മുഴുവൻ ഈ ബില്ലിന്റെ ഉദ്ദേശ ലക്ഷ്യങ്ങളുടെ ഭാഗമായിട്ട് തന്നെയാണ് വരുന്നത്. 1986-ലെ നിയമം കൊണ്ടു വന്നപ്പോൾതന്നെ കൃത്രിമമായിട്ടുള്ള പട്ടയമാണ്, ചാർത്തിക്കൊടുത്തഭൂമി, നോക്കി പറഞ്ഞഭൂമി എന്നിങ്ങനെ പറഞ്ഞുകൊണ്ട് നിലമ്പൂർ കോവിലകം അതുപോലെ തന്നെ ഒറ്റപ്പാലത്തെ തമ്പാൻമാരുടേയും എല്ലാം അടിസ്ഥാന ഉടമസ്ഥാവകാശം അവരുടേതു തന്നെയായി. അങ്ങനെയാണ് വയനാടിന്റെ അടിഭാഗത്തുള്ള പശ്ചിമഘട്ട ഭൂമിയും അതു പോലെതന്നെ വയനാട്ടിലെ ഭൂമിയും അവർ അവകാശം വച്ചിരിക്കുന്നത്. വനവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഒരുപാട് കേസുകളിൽ ട്രിബ്യൂണലുകൾ എല്ലാംതന്നെ അവർക്ക് അനുകൂലമായിട്ടുള്ള നിലപാടുകൾ സ്വീകരിച്ചു. അങ്ങനെ സ്വകാര്യ വനംകൊള്ളക്കാർ ഇഷ്ടംപോലെ കയ്യടക്കിവച്ചതിന്റെ അടിസ്ഥാനത്തിലാണ് 1986-ലെ നിയമം കൊണ്ടു വന്നത്. നേരത്തെയുള്ള നിയമത്തെ തുടർന്ന് മരം മുറിച്ചുകൊണ്ടുപോവുക എന്നുള്ളത് തടയുക എന്നുള്ളതിന്റെ അടിസ്ഥാനത്തിലാണ് ഈ നിയമം കൊണ്ടുവന്നിട്ടുള്ളത്. ആ നിയമത്തിൽ സെക്ഷൻ 4-ഉം സെക്ഷൻ 5-ഉം നിർണ്ണായക ഘടകങ്ങളായിരുന്നു. അതിനകത്തുതന്നെ പറയുന്നത് കേടുവന്നതും ചീഞ്ഞതുമായിട്ടുള്ള മരങ്ങൾ മുറിക്കുന്നതിൽ തടസ്സമില്ല എന്നാണ്. അതിൽ രണ്ടു കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്.

(2) The permission under sub-section (1) shall not be refused if —

(a) the tree constitutes a danger to life or property; or

(b) the tree is dead, diseased or wind fallen.

അതിന് അനുവാദം ഉണ്ടായിരുന്നു. ഈ അനുവാദമുള്ള മരങ്ങൾ മുറിച്ച് മാറ്റുന്നതിന് ബന്ധപ്പെട്ട അധികാരികൾക്ക് അപേക്ഷ കൊടുത്താൽ അത് മുറിച്ചുമാറ്റുന്നതിന് അപകടം ഉണ്ടായിരുന്നില്ല. ഇതിന്റെ ഭാഗമായിട്ട് ഫോറസ്റ്റ് ഒഫിഷ്യൽസ് സെക്ഷൻ 4-ലെ (എ) ആന്റ് (ബി) വകുപ്പ് വച്ചുകൊണ്ട് dead and diseased എന്ന പേര് പറഞ്ഞ് പെറ്റീഷൻ ബന്ധപ്പെട്ട ഫോറസ്റ്റ് റേഞ്ച് ഓഫീസർക്ക് കൊടുക്കും. ആ സ്ഥലത്തെ ഡി.എഫ്.ഒ.-യുടെ പ്രൊവിഷനോടുകൂടി ഇതിന് ഒരു എൻ.ഒ.സി. ഫോറസ്റ്റുകാർ കൊടുക്കും. ഈ എൻ.ഒ.സി. വച്ചുകൊണ്ടാണ് യഥാർത്ഥത്തിൽ പശ്ചിമഘട്ട പ്രദേശത്തെ ലോറിക്കണക്കിന് മരം ഇറക്കിക്കൊണ്ട് വരാനുള്ള നിലപാടുണ്ടായത്. ഇതിന്റെ ഉദ്ദേശ കാരണങ്ങളിൽ ഗവൺമെന്റ് തന്നെപറയുന്നു സംസ്ഥാനത്ത് വിവേചനരഹിതമായി വൃക്ഷങ്ങൾ വെട്ടി വീഴ്ത്തുന്നതും നശിപ്പിക്കുന്നതും നിയന്ത്രിക്കുന്നതിനുവേണ്ടിയാണ് 1986-ലെ കേരള വൃക്ഷ സംരക്ഷണ ആക്ട് എന്ന നിയമം പാസ്സാക്കിയിട്ടുള്ളതെന്ന്. ഇത് ആർക്കെങ്കിലും നിഷേധിക്കാൻ പറ്റുന്ന കാര്യമാണോ? ഇവിടെ ഇപ്പോൾ ഭരണപക്ഷത്തിന്റേയോ പ്രതിപക്ഷത്തിന്റേയോ പ്രശ്നം അല്ലല്ലോ? കേരളത്തിൽ ഉണ്ടായിരുന്ന

വനഭൂമി സ്വാതന്ത്ര്യ സമ്പാദനത്തിനുശേഷം അല്ലെങ്കിൽ ഐക്യ കേരളം രൂപംകൊണ്ട തിനുശേഷം വലിയ തോതിൽ വെട്ടി വെളിപ്പിക്കപ്പെട്ടിരിക്കുന്നു, മരം മുറിച്ചുമാറ്റിയിരിക്കുന്നു എന്ന കാര്യത്തിൽ ആർക്കും തർക്കം ഉണ്ടാകുകയില്ലല്ലോ. ആര് എപ്പോൾ ചെയ്തു എന്ന കാര്യത്തിൽ മാത്രമേ പ്രശ്നം ഉണ്ടാകുകയുള്ളൂ. ഒരു കാര്യം നമ്മൾ അംഗീകരിക്കണം. കേരളത്തിന്റെ കാലാവസ്ഥയിൽ വന്നിട്ടുള്ള മാറ്റം അതുപോലെതന്നെ നമ്മുടെ കൃഷി യുടെ ഭാഗമായിട്ട് വന്നിട്ടുള്ള മാറ്റങ്ങൾ ഇതെല്ലാം യഥാർത്ഥത്തിൽ വനഭൂമിയുടെ കുറവിന്റെ കാരണമായിട്ട് നമ്മൾ കാണേണ്ടിയിരിക്കുന്നു. കേരളത്തിന്റെ കാലാവസ്ഥ തന്നെ മാറിമറിഞ്ഞുക്കൊണ്ടിരിക്കുകയാണ്. പശ്ചിമഘട്ട പ്രദേശത്തും അതുപോലെ തന്നെ കേരളത്തിന്റെ എല്ലാ ഭാഗത്തും ഉണ്ടായിരുന്ന വനഭൂമിയും അവിടെയുള്ള മര ങ്ങളും സംരക്ഷിക്കപ്പെടണം. ഇവിടെ പരിസ്ഥിതി കമ്മിറ്റിയുടെ റിപ്പോർട്ടിൽ അവർ ഒരു കാര്യം പറയുന്നുണ്ട്. കേരളത്തെ സംബന്ധിച്ചിടത്തോളം വനനശീകരണത്തിന്റെ ഒരു പ്രത്യേകത.....

Mr. Speaker: Two minutes. I have given you enough time.

ശ്രീ. മത്തായി ചാക്കോ: എസ്റ്റിമേറ്റ്സ് കമ്മിറ്റി ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ റിപ്പോർട്ടിന്റെ ഒരു ഭാഗം മാത്രമേ പറയുന്നുള്ളൂ. സംസ്ഥാനത്തെ വനങ്ങൾ അഭിമുഖീകരിക്കുന്ന മുഖ്യപ്രശ്നങ്ങളാണ് ക്രമഭംഗവും, വൃഷ്ഠീണനവും (fragmentation and degradation). വനം എന്നു പറയുന്നത് ഇപ്പോൾ പല സ്ഥലത്തും മരം ഇല്ലാത്ത വനങ്ങളാണ്. നല്ല നല്ല മരങ്ങളൊക്കെ മുറിച്ചുകൊണ്ടുപോയി. കാട് എന്നുള്ള പേര് മാത്രമേയുള്ളൂ. അതുകൊണ്ട് ഇവിടെ എനിക്ക് സൂചിപ്പിക്കാനു ള്ളത് ഇതിന്റെ ഉള്ളടക്കത്തോട് ഞങ്ങൾ യോജിക്കുകയാണ്. വയനാട്ടിലെ ചെറുകിട കൃഷിക്കാരോട് അനുഭാവം പ്രകടിപ്പിച്ചുകൊണ്ട് അവരുടെ വളപ്പിൽ നിൽക്കുന്ന ഈ പത്തു ഗണത്തിൽ ഉൾപ്പെടുത്താത്ത മരങ്ങൾ മുറിച്ചു മാറ്റുന്നതിനുള്ള അനുവാദം ഉണ്ടാകണം. പക്ഷേ ഈ നിയമം പ്രാബല്യത്തിൽ വരുന്നതോടുകൂടി കോടതിയുടെ അന്തിമവിധി വരാനിരിക്കേ ഇത് ദുരുപയോഗപ്പെടുത്തിക്കൊണ്ട് ഇവിടെ പ്രവർത്തന ങ്ങൾ നടക്കുമോ എന്നുള്ള ഉത്ക്കണ്ഠയാണ് നമുക്കുള്ളത്. രണ്ടു വർഷത്തെ അനുഭവം വെച്ച് പറയാൻ കഴിയുന്നത് യു.ഡി.എഫ്. ഗവൺമെന്റ് 5 കൊല്ലം ഭരിച്ചാൽ കേരളത്തിലെ കാടുകളിലെ ചന്ദനവും തേക്കും മാത്രമല്ല നാട്ടിൻപുറത്തുള്ള ശീമ ക്കൊന്ന പോലും വെട്ടിവിറ്റ് കാശാക്കുന്ന ഒരു അവസ്ഥയിലേക്ക് നാം പോകും. അതിന്റെ ഒരു ജാഗ്രത ഉണ്ടാകണം എന്നുള്ളതുമാത്രമാണ് ഈ ബില്ല് വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിക്ക് അയക്കണമെന്നുള്ള ഭേദഗതി അവതരിപ്പിച്ചുകൊണ്ട് എനിക്ക് സൂചിപ്പിക്കാനുള്ളത്.

(ചർച്ച തുടരും)

മി. സ്പീക്കർ: സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2003 ആഗസ്റ്റ് മാസം 12-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചക്ക് ശേഷം 1.30-ന് പിരിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly